# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3406 — 14.03.2017-ന് മറുപടിയ്ക്ക്

**<u>ധനഭവൻ</u>**

**<u>ചോദ്യം</u>**
**ശ്രീ. എ.പി. അനിൽ കുമാർ**

**<u>ഉത്തരം</u>**
**ശ്രീ. പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| എ) | ധനകാര്യ വകുപ്പിനെ ഉൾക്കൊള്ളിക്കുവാൻ ധനഭവൻ എന്ന പേരിൽ ആരംഭിച്ച സെക്രട്ടേറിയറ്റിന്റെ പുതിയ അനക്സ് മന്ദിരത്തിൽ ധനകാര്യ വകുപ്പിന്റെ മുഴുവൻ സെക്ഷനുകളെയും ഉൾക്കൊള്ളിക്കുന്നതിനുള്ള നടപടിക്രമം ഏത് ഘട്ടത്തിലാണ്; | എ) & ബി) | സെക്രട്ടേറിയറ്റിന്റെ പുതിയ അനക്സ് മന്ദിരത്തിൽ ഏതൊക്കെ വകുപ്പുകളെ ഉൾക്കൊള്ളിക്കാം എന്നതു സംബന്ധിച്ച് പിന്നീട് തീരുമാനിക്കാം എന്ന ധാരണയിലാണ് ഭരണാനുമതി നൽകിയിരുന്നത്. പിന്നീട് അനക്സ് II ലേക്ക് വകുപ്പുകൾ മാറ്റാൻ തീരുമാനിച്ചപ്പോൾ ധനവകുപ്പിനെ ഉൾപ്പെടുത്തിയിരുന്നില്ല. മെയിൻ കെട്ടിടത്തിൽ നിന്നും വിവിധ വകുപ്പുകൾ മാറിയതിലൂടെ ഒഴിവു വന്ന സ്ഥലങ്ങൾ ധനകാര്യ വകുപ്പിനും സ്ഥലപരിമിതി നേരിടുന്ന മറ്റു വകുപ്പുകൾക്കും ആവശ്യാനുസരണം അനുവദിച്ചു വരുന്നു. |
| ബി) | പുതിയ അനക്സ് മന്ദിരം പൂർണ്ണമായും പ്രവർത്തന സജ്ജമായിട്ടും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ധനകാര്യ വകുപ്പിന്റെ വിവിധ വകുപ്പുകളെ ഇതിലേക്ക് മാറ്റി സ്ഥാപിക്കാത്ത തിന്റെ കാരണമെന്താണ് ; | | |
| സി) | 2014-15, 2015-16 എന്നീ വർഷങ്ങളിൽ വാടക യിനത്തിൽ എന്ത് തുക ചെലവായിയെന്ന് വെളിപ്പെടുത്താമോ; | സി) | 2014-15–11,50,962/-രൂപ (നികുതി ഉൾപ്പെടെ)<br>2015-16–11,64,257/-രൂപ (നികുതി ഉൾപ്പെടെ) |
| ഡി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സെക്രട്ടേറിയറ്റിനുള്ളിൽ പുതിയതായി പ്രവർത്തനം ആരംഭിച്ച സെക്രട്ടേറിയറ്റിതര സ്ഥാപനങ്ങൾ ഏതൊക്കെയാണ്; ഈ സ്ഥാപനങ്ങൾക്ക് സെക്രട്ടേറിയറ്റിനുള്ളിൽ സ്ഥലം നൽകുവാനുണ്ടായ സാഹചര്യം വെളിപ്പെടുത്തുമോ ? | ഡി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സെക്രട്ടേറിയറ്റ് ഇതര സ്ഥാപനങ്ങൾ പുതുതായി ഒന്നും സെക്രട്ടേറിയറ്റിൽ പ്രവർത്തിക്കുന്നില്ല. |

**സെക്ഷൻ ഓഫീസർ**